**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ) ടെ നടപടിക്രമ ഉത്തരവ്**

വിഷയം:- പൊതു.വിദ്യാഭ്യാസം - ജീവനം – പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്ഥാനക്കയറ്റം -പരിത്യാജപത്രം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- ഈ ആഫീസിലെ 21.02.2019 ലെ ഡി5/7000/2018/ഡി.പി.ഐ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഡി5/7000/2018/ഡി.പി.ഐ, തീയതി:08/03/2019.**

മേൽ പരാമർശ പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് താഴെ പറയുന്ന അദ്ധ്യാപകനെ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിയമിച്ചിരുന്നു. ടി അദ്ധ്യാപകൻ ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിച്ചുകൊണ്ട് പരിത്യാജപത്രം ഈ ഓഫീസിൽ ഉചിതമാർഗ്ഗേന സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ചുവടെ ചേർത്തിട്ടുള്ള അദ്ധ്യാപകൻ സമർപ്പിച്ച പരിത്യാജപത്രം അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിച്ചതിനാൽ കാലാവധി പൂർത്തിയാകുമ്പോൾ പ്രത്യേകമായി അപേക്ഷ ഈ ഓഫീസിൽ സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു. (കാലാവധി തീർന്ന് ഒരാഴ്ചക്കുള്ളിൽ തന്നെ). ടി ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് (www.educationkerala.gov.in/dpi announcements) സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

| ക്രമ നം. | റാങ്ക് നം. | പേര്/തസ്തിക<br>സ്കൂളിന്റെ പേര് | സ്ഥാനക്കയറ്റം നൽകി<br>നിയമിച്ച സ്ഥാപനം | സ്ഥാനക്കയറ്റം പരിത്യജിച്ച കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1111/97-2000 | **വേലായുധൻ. പി**<br>ജി.വി.എച്ച്.എസ്.എസ്. അമ്പലത്തറ, കാസറഗോഡ് | ജി.എച്ച്.എസ്. എസ്. കണയങ്കാവയൽ, ഇടുക്കി | 1 വർഷം<br>21/02/2019 മുതൽ 20/02/2020 | |
| 2 | 396/97-2000 | **ഷാമി. വി.കെ**<br>ജി.എം. എച്ച്.എസ്.എസ്. നടവരമ്പ, എറണാകുളം | ജി.എച്ച്.എസ്. അടിമാലി, ഇടുക്കി | 1 വർഷം<br>21/02/2019 മുതൽ 20/02/2020 | |

**ജെസ്സി ജെസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**സ്വീകർത്താവ്**

1. ബന്ധപ്പെട്ട സ്കൂൾ പ്രഥമാദ്ധ്യാപകർ/പ്രിൻസിപ്പാൾ (മേൽ വിവരം ബന്ധപ്പെട്ട അദ്ധ്യാപകരുടെ സേവനപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്)
2. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക്
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.